ISSN-2455-0736 (Print)
ISSN-2456-4052 (Online)

# മാക്കം എന്ന പെൺതെയ്യം – ഒരു വായന
## Makkam Enna Pentheyyam - Oru Vayana

**ഡോ. അനില സി.എസ്.**

അസി. പ്രൊഫസർ

ഗവ: ആർട്സ് & സയൻസ് കോളേജ്, ശാന്തൻപാറ

## ABSTRACT

**Key Words :**
Theyyam
Patriachy
Female Resistance

Ambikasudhan Mangad sketches a vivid picture of Theyyam, a ritual dance popular in North Kerala, in the minds of the readers through his novel Makkam Enna Pen Theyyam. The visual richness of Theyyam is visible in the novel from beginning to end. We can read this novel in multitude of ways. Patriachy, evils of castism and female resistance are some of the major themes represented in the novel.

ചരിത്രം, സംസ്കാരം, ഐതീഹ്യം, കാലം, ദേശം എന്നിങ്ങനെ സമസ്തമേഖലകളെയും അനാവരണം ചെയ്യുന്ന സാഹിത്യമാധ്യമമാണ് നോവൽ. മാനുഷികജീവിതത്തിന്റെ ഗതിവിഗതികളെ ആഴത്തിലും പരപ്പിലും ആവിഷ്കരിക്കുവാൻ നോവലിന് കഴിയുന്നു. ആധുനികതയും ഉത്തരാധുനികതയും കടന്നെത്തിനിൽക്കുന്ന ഇന്നത്തെ കാലത്ത് വ്യത്യസ്തങ്ങളായ വിഷയങ്ങളെയാണ് നോവലിസ്റ്റുകൾ തങ്ങളുടെ രചനയ്ക്ക് തെരഞ്ഞെടുക്കുന്നത്. കാരണം ഏത് സങ്കീർണ്ണ വിഷയങ്ങളെയും പ്രമേയമാക്കുവാൻതക്ക കരുത്തും സൗന്ദര്യവും മലയാള നോവലിനുണ്ട്.

മരക്കാപ്പിലെ തെയ്യങ്ങൾ, എൻ മകജെ എന്നീ നോവലുകൾകൊ് നോവൽ പ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായി തീർന്ന എഴുത്തുകാരനാണ് അംബികാസുതൻ മാങ്ങാട്. സൈബർ വിഷയങ്ങൾകൊണ്ട് വൈപുല്യമായിരിക്കുന്ന ഇക്കാലയളവിൽ വ്യത്യസ്തമായ ഒരു പ്രമേയത്തെ ആഖ്യാനം ചെയ്യുന്ന അദ്ദേഹത്തിന്റെ നോവലാണ് 'മാക്കം എന്ന പെൺതെയ്യം'. അനുഭവത്തിന്റെ തീച്ചൂളയിൽനിന്നുള്ള രചനയാണ് ഈ എഴുത്തുകാരന്റെ പ്രത്യേകത.

ഉത്തരകേരളത്തിന്റെ തനതായ അനുഷ്ഠാനകലാരൂപമാണ് തെയ്യം. തെയ്യത്തിന്റെ കഥയെ തോറ്റം പാട്ടിലൂടെയാണ് വ്യക്തമാക്കുന്നത്. മൺമറഞ്ഞ ആരാധ്യവ്യക്തിത്വങ്ങളുമായും ആരാധനാമൂർത്തികളുമായും ഇടപഴകാനും പ്രീതി നേടാനുമുള്ള അവസരമാണ് തെയ്യക്കോലങ്ങൾ. മനുഷ്യർ കെട്ടിയാടുന്ന തെയ്യക്കോലങ്ങളിലൂടെ ദേവപ്രീതി നേടാൻ കഴിയുമെന്നാണ് വിശ്വാസം. ഓരോ പ്രദേശത്തെ സംബന്ധിച്ചും തെയ്യങ്ങളുമായി ബന്ധപ്പെട്ട ഐതീഹ്യങ്ങൾ ഉണ്ട്. നാട്ട് പരദേവതകളായും തറവാട്ട് പരദേവതകളായുള്ള ഈ തെയ്യക്കോലങ്ങൾ ഉത്തരകേരളത്തിലെ മനുഷ്യരുടെ ജീവിതഭാഗം കൂടിയാണ്. ഓരോ തോറ്റംപാട്ടും ഒരു മനുഷ്യൻ ദൈവമായി പരിണമിക്കുന്നതിന്റെ കഥയാണ്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഫെബ്രുവരി മാസത്തിൽ ഉത്തരകേരളത്തിൽ കെട്ടിയാടുന്ന ഒരു തെയ്യക്കോലമാണ് മാക്കതെയ്യം. മാക്കതെയ്യ പ്രീതിയാൽ വന്ധ്യത ഇല്ലാതാകും എന്നാണ് വിശ്വാസം. തോറ്റംപാട്ടിലുള്ള മാക്കം തെയ്യത്തെ അതേ അർത്ഥത്തിൽ വരച്ചുകാട്ടുകയാണ് അംബികാസുതൻ മാങ്ങാട് തന്റെ നോവലിൽ. ഭാഷകൊണ്ട് അതിനെ ഏറെ മനോഹരവും ഹൃദ്യവുമാക്കിത്തീർത്തിരിക്കുന്നു. ഓരോ തെയ്യത്തിലും അടിച്ചമർത്തപ്പെട്ടതിന്റെയും അപമാനിക്കപ്പെട്ടതിന്റെയും വേദന ഉണ്ട്. അതിക്രൂരമായി വധിക്കപ്പെട്ട കീഴാളനോ, പുരുഷാധിപത്യത്തിന്റെ കാഠിന്യത്താൽ കൊല്ലപ്പെട്ട സ്ത്രീയോ ആകാം ഒട്ടുമിക്ക തോറ്റങ്ങളും.

കുഞ്ഞിമങ്ങലത്ത് കടാങ്കോട്ട് തറവാട്ടിലെ കുഞ്ഞിമാക്കത്തിന്റെ കഥയാണ് ഈ നോവൽ പറയുന്നത്. കടാങ്കോട്ട് തറവാട്ടിലെ ഉണിച്ചെറിയയ്ക്ക് പന്ത്രണ്ട് ആൺമക്കൾക്ക് ശേഷം നോമ്പുനോറ്റ് കിട്ടിയ പെൺകുട്ടിയാണ് കുഞ്ഞിമാക്കം. കോലത്ത് തമ്പുരാന്റെ പടവീരന്മാരായ പന്ത്ര് സഹോദരന്മാരുടെ കുഞ്ഞിപെങ്ങളായി മാക്കം വളർന്നു. മരുമക്കത്തായം നിലനിന്ന കാലത്ത് കടാങ്കോട്ട് തറവാട് കുറ്റിയറ്റുപോകാതെ ദൈവം തന്ന നിധിയായി അവർ മാക്കത്തെ വളർത്തി. ഉണിച്ചെറിയ ഗർഭിണിയാകുന്നതു മുതൽ മാക്കത്തിന്റെ ഓരോ വളർച്ചയും നോവലിൽ വിവരിക്കുന്നു. താലികെട്ട് കല്യാണത്തിന് പ്രായമായ കുഞ്ഞിമാക്കത്തെ കുട്ടിനമ്പർ താലികെട്ടി. ഗർഭിണിയായ കുഞ്ഞിമാക്കം ഇരട്ടകുട്ടികൾക്ക് ജന്മം നൽകി. അമ്മമാരാകാൻ ഭാഗ്യമില്ലാത്ത നാത്തൂന്മാർക്ക് മാക്കത്തോട് അടങ്ങാത്ത ദേഷ്യമായിരുന്നു. ആങ്ങളമാർക്ക് കുഞ്ഞിപെങ്ങളോടും മക്കളോടുമുള്ള അമിതവാത്സല്യം അവരുടെ കോപത്തെ വർദ്ധിപ്പിച്ചു. രോഗബാധിതയായിരുന്ന ഉണിച്ചെറിയയുടെ മരണം അപ്രതീക്ഷിതമായിരുന്നു. ഉണ്ണിച്ചെറിയയുടെ മരണം മാക്കത്തിൽ ഭീതിയും ഒറ്റപ്പെടലും സൃഷ്ടിച്ചു.

ഇക്കാലത്ത് കോലത്തിരി തമ്പുരാനും നെരിയോട്ട് സ്വരൂപത്തിലെ സാമന്തവാഴ്ചക്കാരും തമ്മിൽ യുദ്ധം ഉറപ്പിച്ചു. യുദ്ധത്തിൽ പങ്കെടുക്കാനുള്ള തരവ് (സന്ദേശം) കോലത്തിരി കുഞ്ഞിമംഗലത്തെ നമ്പ്യാന്മാർക്ക് അയയ്ക്കുന്നു. സന്ദേശം ലഭിച്ച നമ്പ്യാന്മാർ പടനയിക്കാൻ പോകുന്ന കാര്യം മാക്കത്തെ അറിയിക്കുന്നു. ഇതുകേട്ട മാക്കത്തിന്റെ മുഖം മങ്ങുകയും അവൾ കൂടെ പോരാൻ അനുവാദം ചോദിക്കുകയും ചെയ്യുന്നു. നാത്തൂന്മാരിലുള്ള ഭയം അവൾ ആങ്ങളമാരോടു പങ്കുവയ്ക്കുന്നു. പട ജയിച്ച് വരുംവരെ ആപത്ത് കൂടാതെ ഇരിക്കുവാൻ കഴിയും. പ്രശ്നങ്ങളൊന്നും ഉണ്ടാവുകയില്ല എന്ന സഹോദരന്മാരുടെ ഉറപ്പിന്മേൽ മാക്കം വീട്ടിൽ കഴിഞ്ഞു. എന്നാൽ തക്കം പാർത്തിരുന്ന നാത്തൂന്മാർ എള്ള് ആട്ടി എണ്ണയുമായി വന്ന വാണിയനെ മനെ കൂട്ടി അപവാദം പറഞ്ഞ് മാക്കത്തെ പിഴച്ചവളെന്ന് മുദ്രകുത്തി. പട ജയിച്ചെത്തിയ ആങ്ങളമാരുടെ കാതുകളിൽ നാത്തൂന്മാർ ഈ വാർത്ത എത്തിച്ചു.

മാക്കത്തിന്റെ ഭാഗം കേൾക്കുകയോ, സത്യം ശ്രവിക്കുകയോ ചെയ്യാതെ ഭാര്യമാരിൽ വിശ്വസിച്ച പടവീരന്മാർ മാക്കത്തെയും മക്കളെയും കൊണ്ട് കോട്ടയത്ത് വിളക്കുമാടം കാണാൻ വേണ്ടി പുറപ്പെട്ടു. അയ്യങ്കര പള്ളിയിൽ കിണറ്റിൽനിന്നും കുട്ടികളും മാക്കവും ദാഹം തീർത്ത് നിൽക്കുമ്പോൾ പകലുദിച്ച നക്ഷത്രത്തെ നോക്കാൻ പറഞ്ഞ് മൂത്ത നമ്പ്യാർ അരയിൽ കരുതിയ കുറുവാൾ കൊണ്ട് മാക്കത്തിന്റെ കഴുത്തറുത്തു. സമീപത്തേയ്ക്ക് ഓടിയെത്തിയ കുട്ടിക

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ളെയും വെട്ടിത്തറച്ചുകൊന്ന് കിണറ്റിൽ തള്ളി. ഇതിനൊക്കെ ദൃക്സാക്ഷിയായ കീഴാളനേയും കൊന്ന് കിണറ്റിൽ തള്ളി. മാക്കത്തിന്റെയും മക്കളുടെയും ആത്മാവ് പെരുമാളൻ ഭഗവതിയിൽ കുടികൊണ്ട് മരണമില്ലാത്ത തെയ്യങ്ങളായി.

ഇവിടെ മാക്കത്തിന്റെ കഥയിലും കാണാൻ കഴിയുന്നത് പുരുഷാധിപത്യവും അപമാനവുമാണ്. അമ്മയും ആങ്ങളമാരും പൊന്നുപോലെ വളർത്തിയ മാക്കമാണ് അവസാനം സഹോദരന്മാരുടെ കൈകളാൾ ക്രൂരമായി വധിക്കപ്പെടുന്നത്. ഈ വധത്തിന് പിന്നിൽ പ്രവർത്തിച്ചത് കുബുദ്ധി കളായ നാത്തൂന്മാരുടെ അപവാദവും. പടയ്ക്കുപോയ ആങ്ങളമാരുടെ നിർദ്ദേശ പ്രകാരമാണ് മാക്കം വാണിയനെമ്മനെ വിളിച്ചുവരുത്തുന്നത്. ചാമുണ്ഡി പരദേവതയുടെ നിഴൽ കൊട്ടി ലിലെ അന്തിദീപം മുടങ്ങാതെ എള്ള് ആട്ടി എണ്ണ കൊുവരാനാണ് മാക്കം വാണിയനെമ്മനെ വരുത്തിയത്. എണ്ണയുമായി വാണിയനെമ്മൻ എത്തുമ്പോൾ നാത്തൂന്മാർ മുൻ നിശ്ചയിച്ച പ്രകാരം അവിടെനിന്നും മാറുന്നു. തീണ്ടാരിയായ മാക്കം അയാൾ വിളിക്കുമ്പോൾ പുറത്തേയ്ക്കു വരാൻ കഴിയാതെ എണ്ണപ്പാട്ട കൊട്ടിലിനികത്തേയ്ക്ക് വയ്ക്കാൻ പറഞ്ഞു. എണ്ണ വച്ച് തിരി കെപോയ വാണിയനെമ്മനെയും മാക്കത്തെയും കൂട്ടി നാത്തൂന്മാർ അപവാദം പറയുന്നു. നുണ പറഞ്ഞ നാത്തൂന്മാരോട് പരദേവതയെക്കൊ് സത്യം ചെയ്തിട്ടുപോലും രക്ഷയില്ലാതെ മാക്കം ദുഃഖിക്കുന്നു.

പട കഴിഞ്ഞെത്തുന്ന ആങ്ങളമാരോട് മാക്കത്തെക്കുറിച്ചുള്ള നുണപറഞ്ഞ് കേൾപ്പിക്കുന്നു നാത്തൂന്മാർ. കലിമൂത്ത ആങ്ങളമാർ കടാങ്കോട്ട് തറവാട്ടിൽ എത്തുമ്പോൾ മാക്കം നൽകുന്ന ആദരവുകൾ സ്വീകരിക്കുന്നില്ല. കാര്യം മനസ്സിലാക്കിയ മാക്കം തന്റെ സത്യാവസ്ഥ സഹോദര ന്മാരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. എന്നാൽ ചോര വറ്റിയ മുഖങ്ങളിൽ നിന്ന് അവൾക്ക് ദയ ലഭിക്കുന്നില്ല. മൂത്ത നമ്പ്യാർ അവളോടും കുട്ടികളോടും കോട്ടയം വിളക്കുമാടം കാണാൻ പുറപ്പെടാൻ പറയുന്നു. യാത്രയുടെ ഉദ്ദേശം മനസ്സിലാക്കിയ മാക്കം മക്കളോടൊപ്പം യാത്രയ്ക്ക് തയ്യാറാകുന്നു.

നോവലിലെ ഹൃദയസ്പർശിയായ ഭാഗങ്ങളാണ് മാക്കത്തിന്റെ പുറപ്പാട്. വായനക്കാരനെ ആകാംക്ഷയുടെയും വേദനയുടെയും മുൾമുനയിൽ നിർത്തിക്കൊുള്ള യാത്ര. മാക്കവും മക്കളും ശരീരം കുളിർക്കെ എണ്ണ തേച്ച് എണ്ണ നിറച്ച എണ്ണപ്പാടമെടുത്ത് ഏറങ്കല്ലിനിട്ട് എറിഞ്ഞ് പൊട്ടി ച്ചു. കുളികഴിഞ്ഞ് മക്കളെ രുപേരെയും കുഞ്ഞൊലിയാട ഉടുപ്പിച്ച്, മാക്കം കരയകലമുള്ള പുതി യൊരു പൂന്തുകിലാട ഞൊറിഞ്ഞുടുത്തു. ശേഷിച്ച തുണികളെല്ലാം നാടകശാല നടുപ്പന്തലിലിട്ട് തീ കൊളുത്തി. വലിയ ചെല്ലപ്പെട്ടി വലിച്ചുതുറന്ന് പൊന്നാഭരണങ്ങളെടുത്ത് മാക്കവും മക്കളും അണിഞ്ഞു. ശേഷിച്ചവ നെല്ലുകുത്തുന്ന കരിങ്കല്ലുരലിലിട്ട് പൊടിച്ച് മണിക്കുളത്തിൽ പാറ്റിയെ റിഞ്ഞു. അതിനുശേഷം പടിഞ്ഞാറ്റകത്തേയ്ക്ക് നടന്ന് തളികയിൽ നിന്ന് അരിയെടുത്ത് ഭദ്രദീപ ത്തിന് ചാർത്തിയശേഷം പ്രാർത്ഥിച്ചു; 'പയേക്ക് പ മരിച്ചുപോയോരെ, ഗുരു കാരണോന്മാരെ, ഇപ്പോ മരിച്ചുപോയോരെ, നിങ്ങള് കേൾക്കണം, കുന്നിമണിയോളം പെഴ ഞാന് ചെയ്തോളല്ല. സത്യം വഴിപോലെയറിഞ്ഞ് തെളിയിച്ചോണേ എന്റെ കാരണോന്മാരെ..'തുടർന്ന് വീരചാമു ണ്ഡിയുടെ വാതിൽ തുറന്ന് അരിയെറിഞ്ഞ് ഇങ്ങനെ പ്രാർത്ഥിച്ചു; 'ന്റെ വീരചാമുണ്ഡിയമ്മേ, കാണിയോളം പെഴ ഞാൻ ചെയ്തോളല്ല, എല്ലാ സത്യത്തിനും സാക്ഷിയല്ലേ ന്റെ പരദേവത.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഞാനൊന്ന് പറഞ്ഞോട്ടെ ചാമുണ്ഡിയമ്മേ, ഞാനടച്ചോരീ വാതില് ഞാന് വന്നാലേ തൊറക്കാവ്വേ..' യാത്ര പുറപ്പെടാൻനേരം മാക്കം ഒരിക്കൽക്കൂടി തന്റെ മക്കളുടെ ജീവനുവേണ്ടി ആങ്ങളമാരോട് കേണപേക്ഷിക്കുന്നു. എന്നാൽ അവിടെയും അവൾ പിന്തള്ളപ്പെട്ടു. ഇതെല്ലാം ഒളിഞ്ഞിരുന്ന് ആസ്വദിച്ചിരുന്ന പന്ത്ര് പെൺതലകൾ ക് മാക്കം അവർക്ക് നേരെ അലറി, 'ചിരിക്ക നാത്തൂന്മാരെ, ഞാനുമെന്റെ മക്കളും പോയാല് ഇവ്ടെ സുഖമായി വാഴാന്ന് നിങ്ങള് കൊതിക്ക. നടപ്പ്ദോഷം പറഞ്ഞ്ാക്കി നിങ്ങളെന്റെ തല കുനിപ്പിച്ചില്ലേ? എന്റെ അകത്തീയേറ്റ് ഈത്തറവാട് കത്തിക്കരിഞ്ഞുപോകും. നട്ടപ്രാന്ത് കേറി നിങ്ങള് തല പൊട്ടിത്തെറിച്ചുചാകും.. നോക്കിക്കോ..'ഇത്രയും പറഞ്ഞ് ഇനി കരയില്ലെന്നുറച്ച് മാക്കം വിളക്കുമാടത്തിലേയ്ക്ക് യാത്ര ആരംഭിച്ചു.

പോകുന്ന വഴികളിലെല്ലാം ആങ്ങളമാരുടെ ദയ വറ്റിയ മുഖമാണ് മാക്കത്തിന് കാണാൻ കഴിയുന്നത്. വഴിയിൽ ദാഹിച്ചുവലയുന്ന കുട്ടികൾ വെള്ളം ആവശ്യപ്പെടുമ്പോൾ കന്നുകാലികൾ ഇറങ്ങിയ തോട്ടിലെ വെള്ളം പകർന്നുകൊടുക്കാൻ പറയുന്നു. ചാലയിൽ ഒരു ഭവനത്തിൽ കയറി മാക്കം കുട്ടികളുടെ ദാഹം അകറ്റുന്നു. കുട്ടികളെ എടുത്ത് തളർന്ന മാക്കം അവരിൽ ഒരാളെ എടുക്കുവാൻ പടവീരന്മാരോട് പറയുമ്പോൾ പറ്റില്ലെങ്കിൽ ഒന്നിനെ കെട്ടിവലിച്ചുകൊള്ളൂ എന്നാണ് മറപടി. തുടർന്നുള്ള വഴിയിലും ദാഹിച്ചുവലഞ്ഞ കുട്ടികൾക്ക് അയ്യങ്കരപ്പള്ളിയുടെ സമീപത്തുള്ള കിണറ്റിൽ നിന്ന് വെള്ളം നൽകാൻ പറഞ്ഞു. എന്നാൽ കയറും തൊട്ടിയും ഇല്ലാത്ത കിണറ്റിൽ നിന്നും കാട്ടുപടർപ്പിലെ നീളമേറിയ വള്ളികളും വട്ടയിലകളും കൊണ്ട്മാക്കം മക്കളുടെയും അവളുടെയും ദാഹം അകറ്റി. ദാഹം തീർത്ത മാക്കത്തോട് മൂത്താങ്ങള കുഞ്ഞിക്കോമൻ 'മോളിലേക്കു നോക്ക് മാക്കം, നട്ടുച്ചയ്ക്കുദിച്ച നക്ഷത്രത്തെ കണ്ടോ?'മാക്കം അതിശയിച്ച് മുകളിലേയ്ക്ക് മുഖമുയർത്തി. ആ നിമിഷത്തിൽ മൂത്താങ്ങള അരയിൽ കരുതിയ പൂച്ചുരികവലിച്ചൂരിയെടുത്ത് മാക്കത്തിന്റെ ചങ്കേപ്പിടിച്ച് കുരൾ അറുത്തു. ഒന്നു നിലവിളിക്കുവാൻ പോലുമാകാതെ, ചോരയിൽ കുളിച്ച മാക്കം കഴുത്തറ്റ പൂങ്കോഴിപോലെ നിലത്തുകിടന്ന് പിടഞ്ഞു. നിലവിളിയോടെ മാക്കത്തിന് നേർക്ക് പായാൻ തുടങ്ങിയ ചാത്തുവിനെയും ചീരുവിനെയും പടവീരന്മാർ വെട്ടിത്തറച്ചുകൊന്നു. ആ ശവശരീരങ്ങൾ കിണറ്റിലേയ്ക്ക് വലിച്ചെറിഞ്ഞു.

പിന്നീട് മാക്കത്തിന്റെ ശാപം അന്വർത്ഥമാവുകയാണ്. കിണറ്റിന് സമീപം തന്നെ പടവീരന്മാർ തമ്മിൽ കശപിശയായി. തമ്മിൽ വെട്ടിയും കുത്തിയും പന്ത്രുപേരും മരിച്ചുവീണു. അതേസമയം കടാങ്കോട്ട് തറവാട്ടിൽ വീരചാമുണ്ഡി പരദേവതയുടെ കൊട്ടിൽ ഒഴിച്ച് എല്ലാം അഗ്നിക്കിരയായി. അഗ്നിയിൽ നിന്നും രക്ഷപെട്ട് ഓടിയ നാത്തൂന്മാർ ഭ്രാന്തിളകി വില്ലൂന്നി അരയാലിൽ വലിഞ്ഞുകയറി കഴുത്തിൽ കുരുങ്ങി തൂങ്ങിയാടി.

നിരപരാധികളായ മാക്കവും മക്കളും കാട്ടടിയാനും ഇവിടെ പടവീരന്മാരാൽ കൊല്ലപ്പെടുന്നു. അനീതിയുടെ മൂർദ്ധന്യാവസ്ഥയിൽ, ജാതീയതയുടെ കൊടുമുടിയിൽ, പുരുഷാധിപത്യത്തിന്റെ കാഠിന്യത്തിൽ ഒടുങ്ങിയ ധാരാളം തെയ്യങ്ങൾ ഉത്തരമലബാറിൽ നിലനിൽക്കുന്നു. സമൂഹവും കുടുംബവും ഇല്ലാതാക്കിത്തീർത്ത ഇത്തരം തെയ്യങ്ങൾക്ക് മലബാറിന്റെ സാംസ്കാരിക ജീവിതത്തിന്റെയും സാമൂഹിക ജീവിതത്തിന്റെയും ഭൂതവർത്തമാനങ്ങളെ പ്രതിഫലിപ്പിക്കുവാൻ കഴിയും.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

മാക്കം എന്ന തെയ്യത്തെ അനേകം വായനകൾക്ക് വിധേയമാക്കാൻ സാധിക്കും. പുരുഷ മേൽക്കോയ്മയും ജാതീയതയും അനീതിയും അതിൽ ചിലതാണ്. സ്ത്രീ തന്നെ സ്ത്രീയുടെ നാശത്തിന് കാരണമാകുന്നതിന് മാക്കം ഒരു തെളിവാണ്. സ്ത്രീ പ്രതിരോധത്തെ വ്യക്തമായും ശക്തമായും ഇതിൽ വായിക്കുവാൻ കഴിയുന്നു. അതിലെല്ലാമുപരി കപട സദാചാരത്തിൽ തകർക്കപ്പെട്ട മാക്കത്തിന്റെയും മക്കളുടെയും അതിജീവനമാണ് മാക്കം എന്ന പെൺതെയ്യം. സ്നേഹിക്കുന്നവരിൽ നിന്നും വിശ്വസിക്കുന്നവരിൽ നിന്നും പീഡനം ഏൽക്കേിവരുന്ന എല്ലാ സ്ത്രീകളുടെയും കുട്ടികളുടെയും പ്രതിരൂപമാണ് മാക്കവും മക്കളും.

**ഗ്രന്ഥസൂചിക**

1. അംബികാസുതൻ മാങ്ങാട്
   മാക്കം എന്ന പെൺതെയ്യം
   ഡി.സി. ബുക്സ്, കോട്ടയം
2. ഡോ. എം.വി. വിഷ്ണുനമ്പൂതിരി
   തെയ്യവും തിറയും
   കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചിൽഡ്രൻസ് ലിറ്ററേച്ചർ
   തിരുവനന്തപുരം